File No.FWLD-F3/11/2020-FWLD

2080
29/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - വനംവകുപ്പിലെ എട്ട് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(എഫ്)വകുപ്പ്

G.O.(Rt)No.28/2020/F&WLD തീയതി,തിരുവനന്തപുരം, 28/01/2020

പരാമർശം:- 1 ഭരണ വിഭാഗം ഉപമുഖ്യവനപാലകന്റെ 30.04.2019 ലെ ഇ4-50879/18 നം. ഉത്തരവ്.

2 30/07/2019-ലെ സഉ(സാധാ) 293/2019-വനം നമ്പർ സർക്കാർ ഉത്തരവ്.

3 മുഖ്യവനപാലകന്റെ 22-01-2020 ലെ ഡി 1- 19726/14 നം. കത്ത്.

ഉത്തരവ്

പരാമർശം (3) ലെ കത്തിൽ മുഖ്യവനപാലകൻ വിവരിച്ചിട്ടുള്ള സാഹചര്യം പരിഗണിച്ച്, വനംവകുപ്പിൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിലെ ക്രമമനുസരിച്ച് അർഹരായ 8 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് (സീനിയോരിറ്റി ക്രമ നമ്പർ 96, 102, 103, 105, 106, 107, 119 & 130), പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഉദ്യോഗാർത്ഥികൾ അവരുടെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ട്രെയിനിംഗ് പൂർത്തീകരിച്ച് തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ റിവേർട്ട് ചെയ്യുന്നതാണ് എന്ന വ്യവസ്ഥയിൽ, താൽക്കാലിക പ്രൊമോഷന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിലക്കിൽ ഇളവനുവദിച്ച് കെ.എസ്. & എസ്.എസ്.ആർ. ചട്ടം 31 (a) (i) പ്രകാരം അതിലെ നിബന്ധനകൾക്ക് വിധേയമായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വനംവകുപ്പിലെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക വളരെ പ്രധാനപ്പെട്ട തസ്തികയായതിനാലും, വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിലും, വനസംരക്ഷണ പ്രവർത്തനങ്ങളിലും സുപ്രധാന പങ്കാണ് റെയ്ഞ്ച് ഓഫീസർമാർ വഹിക്കുന്നതെന്നതിനാലും, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാലും, ഒരു താൽക്കാലിക സംവിധാനമെന്ന നിലയിൽ മാത്രമാണ് താൽക്കാലിക പ്രൊമോഷൻ നൽകുവാൻ അനുമതി നൽകുന്നത്. പ്രൊമോഷന് തികച്ചും, യോഗ്യരായവരെ മാത്രമേ പ്രൊമോട്ട് ചെയ്യുവാൻ പാടുള്ളൂ. അവർക്കെതിരെ തീർപ്പാക്കാത്ത വകുപ്പുതല നടപടികൾ/വിജിലൻസ് കേസ്/ അന്വേഷണം

തുടങ്ങിയവ ഒന്നും നിലവിലില്ല എന്ന് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ഉറപ്പുവരുത്തേണ്ടതാണ്.

3 . റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ, താൽക്കാലിക പ്രൊമോഷനിലൂടെ നികത്തിയതുൾപ്പെടെ, നേരിട്ടുള്ള ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്നുവെന്ന കാര്യത്താൽ അവർക്ക് ഭാവിയിലെ പ്രൊമോഷൻ/സീനിയോരിറ്റി എന്നീ കാര്യങ്ങളിലൊന്നും യാതൊരു മുൻഗണനയും ലഭിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
JOINT SECRETARY

മുഖ്യവനപാലകൻ & വനവനസേനാ മേധാവി, തിരുവനന്തപുരം..

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2020.01.28 14:02:28 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-വനംവന്യജീവി(പാർലമെന്റ്)വകുപ്പ്.